**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - പത്തനംതിട്ട ജില്ല - 2023 ജനുവരി മാസം മുതലുള്ള പ്രകൃതി ദുരന്തത്തിൽ പൂർണമായോ ഭാഗികമായോ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 143 ദുരന്തബാധിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ് - എ) വകുപ്പ്**

**സ.ഉ.(കൈ) നം.12/2026/RD തീയതി,തിരുവനന്തപുരം, 08-01-2026**

---

പരാമർശം:-

1. സ.ഉ (കൈ) നം.1/2025/DMD തീയതി 09/01/2025.
2. പത്തനംതിട്ട ജില്ലാ കളക്ടറുടെ 21/10/2025 ലെ DCPTA/1529/2025-F4 നമ്പർ കത്തും ഉള്ളടക്കവും.

**<u>ഉത്തരവ്</u>**

പ്രകൃതി ദുരന്തത്തിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് SDRF ൽ നിന്നും CMDRF ൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള സ്ലാബുകൾ അംഗീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ 2023 ജനുവരി മാസം മുതലുള്ള പ്രകൃതി ദുരന്തത്തിൽ പൂർണമായോ ഭാഗികമായോ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 143 ദുരന്തബാധിതർക്ക് ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ കൂടിയായ ജില്ലാ കളക്ടർ പുറപ്പെടുവിച്ച 15 നടപടിക്രമങ്ങൾ പ്രകാരമുള്ള ആകെ CMDRF വിഹിതമായ ₹58,45,500/-രൂപ (അൻപത്തിയെട്ട് ലക്ഷത്തി നാല്പത്തി അയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിനായി പത്തനംതിട്ട ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം ശിപാർശ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 2023 ജനുവരി മാസം മുതലുള്ള പ്രകൃതി ദുരന്തത്തിൽ പൂർണമായോ ഭാഗികമായോ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 143 ദുരന്തബാധിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരാമർശം (1) ഉത്തരവ് പ്രകാരം ആകെ ₹58,45,500/- (അൻപത്തിയെട്ട് ലക്ഷത്തി നാല്പത്തി അയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

3) മേൽ പരാമർശ ഇനത്തിൽ വിതരണത്തിന് ആവശ്യമായി വരുന്ന ₹58,45,500/- (അൻപത്തിയെട്ട് ലക്ഷത്തി നാല്പത്തി അയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ

പേരിലുള്ള **T.P.80** അക്കൗണ്ടിൽ നിന്നും പത്തനംതിട്ട ജില്ലാ കളക്ടറുടെ അക്കൗണ്ടിലേക്ക് അനുവദിക്കുന്നതാണ്. ടി തുക ജില്ലാ കളക്ടർ താമസംവിനാ വിതരണം നടത്തി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം ജി രാജമാണിക്കം**

**സെക്രട്ടറി**

ജില്ലാ കളക്ടർ, പത്തനംതിട്ട
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
പൊതുഭരണ (എസ്.സി ) വകുപ്പ് (07.01.2026-ലെ മന്ത്രിസഭായോഗതീരുമാനം ഇനം നം.3503 )
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഗവ . വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
കരുതൽ ഫയൽ/ഓഫീസ് കോപ്പി (DRF -A5/19/2025-REV)

ഉത്തരവിൻ പ്രകാരം,

Signed by
Maheswari A
Date: 08-01-2026 20:29:38
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂവകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 07-01-2026

ഫയൽ നം. റവ-ഡി.ആർ.എഫ്.-എ5/19/2025/റവ. ഇനം നം: 3503

വിഷയം : റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പത്തനംതിട്ട ജില്ല - 2023 ജനുവരി മാസം മുതലുള്ള പ്രകൃതി ദുരന്തത്തിൽ പൂർണ്ണമായോ ഭാഗികമായോ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 143 ദുരന്തബാധിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

## കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## കരട് മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | റവ–ഡി.ആർ.എഫ്.–എ 5/19/2025–റവ. |
| 2 | വകുപ്പ് | : | റവന്യൂ (ഡിആർഎഫ്–എ) വകുപ്പ് |
| 3 | വിഷയം | : | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി – പത്തനംതിട്ട ജില്ല– 2023 ജനുവരി മാസം മുതലുള്ള പ്രകൃതി ദുരന്തത്തിൽ പൂർണമായോ ഭാഗികമായോ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 143 ദുരന്തബാധിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്– സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 22.11.2025 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ | : | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ജയശ്രീ റ്റി.കെ. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.എം.ജി.രാജമാണിക്കം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ.രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | : | |

191

## മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ്

പത്തനംതിട്ട ജില്ലയിൽ 2023 ജനുവരി മാസം മുതലുള്ള പ്രകൃതി ദുരന്തത്തിൽ പൂർണമായോ ഭാഗികമായോ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 143 ദുരന്തബാധിതർക്ക് ധനസഹായം വിതരണം ചെയ്യുന്നതിനുള്ള ആകെ CMDRF വിഹിതമായ ₹58,45,500/-(അൻപത്തിയെട്ട് ലക്ഷത്തി നാല്പത്തി അയ്യായിരത്തി അഞ്ഞൂറ് രൂപാ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പത്തനംതിട്ട ജില്ലാ കളക്ടർക്ക് അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) പ്രകൃതി ദുരന്തത്തിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് SDRF ൽ നിന്നും CMDRF ൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള സ്ലാബുകൾ അംഗീകരിച്ചുകൊണ്ട് 09/1/2025 തീയതിയിലെ സ.ഉ(കൈ) 1/2025/DMD പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ കളക്ടർ സമർപ്പിച്ച ശിപാർശ പരിശോധിച്ച് 2024 ജനുവരി മുതലുള്ള മാസങ്ങളിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 3 കുടുംബങ്ങൾക്ക്, 02.06.2025 തീയതിയിലെ സ.ഉ. (സാധാ) നം. 1318/2025/RD പ്രകാരം 4,80,000/- രൂപയും 2023 ജനുവരി മുതലുള്ള മാസങ്ങളിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 473 കുടുംബങ്ങൾക്ക് 14.07.2025 തീയതിയിലെ സ.ഉ.(കൈ) നം. 214/2025/RD പ്രകാരം 95,32,500/- രൂപയും ഇതിനോടകം അനുവദിച്ച ഉത്തരവായിട്ടുണ്ട്. തുടർന്ന് പത്തനംതിട്ട ജില്ലയിൽ 2023 ജനുവരി മുതലുള്ള മാസങ്ങളിൽ ഉണ്ടായ അതിശക്തമായ കാലവർഷത്തിൽ പൂർണമായോ ഭാഗികമായോ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 143 ദുരന്തബാധിതർക്ക് കൂടി ജില്ലാദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ & ജില്ലാ കളക്ടർ പുറപ്പെടുവിച്ച നടപടിക്രമങ്ങൾ സഹിതം അനുവദിക്കേണ്ട ആകെ CMDRF വിഹിതമായ 58,45,500/-രൂപ(അൻപത്തിയെട്ട് ലക്ഷത്തി നാല്പത്തി അയ്യായിരത്തി അഞ്ഞൂറ് രൂപാ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കണമെന്ന ആവശ്യവുമായി 21/10/2025-ലെ DCPTA/1529/2025-F4 നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടർ വീണ്ടും പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

+pg 59 cb

pg 79 cb

pg 119 cb

അപ്രകാരം പത്തനംതിട്ട ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിലെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പട്ടിക ചുവടെ ചേർക്കുന്നു :

| Sl.No | Proceedings No.& Date | No.of Beneficiaries | CMDRF Allocation(₹) |
|---|---|---|---|
| 1 | DC/PTA/179/2024/DM dtd 15.07.2025 | 4 | 14000/- |
| 2 | DC/PTA/277/2023/DM dtd 18.07.2025 | 5 | 17500/- |
| 3 | DC/PTA/278/2023/DM dtd 18.07.2025 | 5 | 70000/- |
| 4 | DC/PTA/180/2024/DM dtd 15.07.2025 | 11 | 135000/- |
| 5 | DC/PTA/178/2024/DM dtd 15.07.2025 | 11 | 355000/- |
| 6 | DC/PTA/176/2024/DM dtd 15.07.2025 | 1 | 220000/- |
| 7 | DC/PTA/177/2024/DM dtd 15.07.2025 | 3 | 470000/- |
| 8 | DC/PTA/144/2024/DM dtd 14.05.2025 | 21 | 73500/- |
| 9 | DC/PTA/145/2024/DM dtd 14.05.2025 | 30 | 420000/- |
| 10 | DC/PTA/142/2024/DM dtd 13.05.2025 | 24 | 810000/- |
| 11 | DC/PTA/141/2024/DM dtd 13.05.2025 | 7 | 1120000/- |
| 12 | DC/PTA/140/2024/DM dtd 12.05.2025 | 9 | 1960000/- |
| 13 | DC/PTA/264/2023/DM dtd 05.05.2025 | 7 | 100000/- |
| 14 | DC/PTA/263/2023/DM dtd 05.05.2025 | 2 | 70000/- |
| 15 | DC/PTA/262/2023/DM dtd 05.05.2025 | 3 | 10500/- |
| | **Total** | **143** | **58,45,500/-** |

pg 83-117 cf

3) മേൽ പട്ടിക പ്രകാരമുള്ള 143 ദുരന്തബാധിതർക്ക് ധനസഹായം വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും (CMDRF വിഹിതം) ആകെ 58,45,500/- രൂപ(അൻപത്തിയെട്ട് ലക്ഷത്തി നാല്പത്തി അയ്യായിരത്തി അഞ്ഞൂറ് രൂപാ മാത്രം) പത്തനംതിട്ട ജില്ലാകളക്ടർക്ക് അനുവദിക്കുന്നതിനായി ഫയൽ സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

#pg 27 NF @ pura 36 NF

**തീരുമാനിക്കേണ്ട വിഷയം**

പത്തനംതിട്ട ജില്ലയിൽ 2023 ജനുവരി മുതലുള്ള പ്രകൃതി ദുരന്തത്തിൽ പൂർണമായോ/ഭാഗികമായോ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 143

ദുരന്തബാധിതർക്ക് ധനസഹായം വിതരണം ചെയ്യുന്നതിനുള്ള ആകെ CMDRF വിഹിതമായ 58,45,500/-രൂപ(അൻപത്തിയെട്ട ലക്ഷത്തി നാല്പത്തി അയ്യായിരത്തി അഞ്ഞൂറ് രൂപാ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പത്തനംതിട്ട ജില്ലാകളക്ടർക്ക് അനുവദിക്കാവുന്നതാണോ ?

17/12/25

17/12/25

17/12/2025

17/12.

17